പരമ്പരാഗത തിരുവാഭരണ പാതയിലെ പാലങ്ങൾ

236(3122) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ പരമ്പരാഗത തിരുവാഭരണ പാതയിലുള്ള പേരുർച്ചാൽ കടവിൽ പമ്പാ നദിക്ക് കുറുകെ നിർമ്മിക്കുന്ന പേരുർ സ്പിൽ പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; നദിയിൽ വെള്ളം കുറയുന്ന ഫെബ്രുവരി മുതൽ ഏപ്രിൽ വരെയുള്ള കാലത്ത് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുംവിധം ഇത് പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവാഭരണ പാതയിലെ വേണാട്ടു കടവിലും പൂവത്തുംകാട് കടവിലും പാലങ്ങൾ തീർത്തെങ്കിലും ഇവിടെ സമീപ റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പാലത്തിലൂടെ വാഹനയാത്ര നടത്താൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ സമീപ റോഡുകൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവയ്ക്ക് ഭരണാനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇത്തവണ ശബരിമല ഉത്സവത്തിന് തിരുവാഭരണ ഘോഷയാത്രയ്ക്ക് സുഗമമായി യാത്ര ചെയ്യാൻ കഴിയുംവിധം ഇരു പാലങ്ങളുടെയും സമീപ റോഡുകളുടെയും നിർമ്മാണം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പേരുർച്ചാൽ പാലം നിർമ്മാണത്തിന്റെ ഫൗണ്ടേഷന്റെ പണികൾ 90%വും സബ് സ്ട്രക്ചർ 50%വും പൂർത്തിയായി. സൂപ്പർ സ്ട്രക്ചറിന്റേയും പണികൾ നടന്നു വരുന്നു. കീക്കോഴൂർ സൈഡിലെ ആദ്യ സ്പാനിന്റെ ഒരു ബീമിന്റെ പണി പൂർത്തിയായി. അതിന്റെ പ്രീ സ്ട്രസിംഗ് 10-12-2015-ൽ നടത്താൻ ഉദ്ദേശിക്കുന്നു. ഒരു പിയർ ക്യാപ്പിനു വേണ്ട ഷട്ടറിംഗും കമ്പികെട്ടും നടന്നുകൊണ്ടിരിക്കുന്നു. മണിയാർ ഡാം തുറക്കുന്നതിനാൽ വേനൽക്കാലത്തും ജലനിരപ്പ് കുറയാത്തത് പണിയെ സാരമായി ബാധിച്ചു. കൂടാതെ കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ കാരണവും നിർമ്മാണം മന്ദഗതിയിലായി. എന്നാൽ ഇപ്പോൾ പണികൾ പുനരാരംഭിച്ചു തുടർന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോങ്ങോട്ടുകടവ് പാലത്തിന്റെ സമീപ റോഡുകൾ വാഹനങ്ങൾ പോകുന്നതിന് തടസ്സമില്ലാത്ത വിധം ക്രമീകരിച്ചിട്ടുണ്ട്. ടി സമീപ റോഡുകളുടെ ചിപ്പിംഗ് കാർപെറ്റിന്റെ പണികളുടെയും കുളിക്കടവിന്റെ പണികളുടെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പൂവത്തുംമൂട് കടവ് പാലത്തിന്റെ സമീപ റോഡുകൾ 7 മീറ്റർ വീതിയിൽ ടാറിംഗ് പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്.

(സി) തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്ന കാലയളവിനു മുമ്പുതന്നെ പാലങ്ങളുടേയും സമീപ റോഡുകളുടെയും പണികൾ പൂർത്തീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികൾ

237(3123) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; ഓരോ പ്രവൃത്തികളുടെയും പേരും തുകയും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്, ദേശീയപാത, കെട്ടിട വിഭാഗങ്ങൾ നടപ്പിലാക്കിയ പ്രവൃത്തികളും അവയുടെ പേരും, തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇതുകൂടാതെ കോഴിക്കോട് നഗരറോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ താഴെപ്പറയുന്ന റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ എഗ്രിമെന്റ് വയ്ക്കുകയും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്.

1. ഗാന്ധി റോഡ് - മിനി ബൈപ്പാസ് റോഡ്
2. പനത്തുതാഴം - CWRDM റോഡ്
3. വെള്ളിമാട് കുന്ന് - കോവൂർ റോഡ്
4. എരഞ്ഞിപ്പാലം - അരയടത്ത് പാലം റോഡ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly